വിശകലനം ചെയ്യുന്നതിനും പദ്ധതിയുടെ വേഗതയിലുള്ള നിർവ്വഹണം സാധ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് വിവരങ്ങൾ കൈമാറുന്നതിനും വേണ്ടി ജാലികയിൽ അധിഷ്ഠിതമായ (web based) പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനം രൂപകൽപ്പന ചെയ്യുന്നതിന് 8,15,880 രൂപയും ചെലവായിട്ടുണ്ട്. ഈ വർഷം ചെലവാകാതെ വരുന്ന തുക കൂടി അടുത്ത ബജറ്റിൽ വക കൊള്ളിക്കുന്നതാണ്.

(സി) സർക്കാർ നവീകരണ പദ്ധതിയുടെ നിർവ്വഹണത്തിന് ബന്ധപ്പെട്ട വകുപ്പുകൾ തുടക്കം കുറിച്ചിട്ടേയുള്ളൂ. അതിനാൽ നിർവ്വഹണം വിലയിരുത്താറായിട്ടില്ല. വ്യാപകമായ ചർച്ചകളിലൂടെയുള്ള പദ്ധതി രൂപീകരണം തന്നെ ഒരു മാറ്റത്തിന്റെ തുടക്കമാണ്. പദ്ധതി രൂപീകരണത്തിനായി നടത്തിയ ശില്പശാലകൾ കൂട്ടായ ചർച്ചകളിലൂടെ ഫലപ്രദമായ ആസൂത്രണത്തിൽ ഉദ്യോഗസ്ഥർക്കുള്ള പ്രായോഗിക പരിശീലന വേദികൾ കൂടിയായിരുന്നു. ഇതുകൂടാതെ പൊതുജനത്തിനും പോലീസിനും പരസ്പരം ആശയവിനിമയത്തിനായി ഏർപ്പെടുത്തിയ ജാലിക പൂർത്തിയായ ഒരു പദ്ധതിയാണ്. വിലാസം: www.tvmcitypolice.org

എ. ഡി. ബി.-യുമായുള്ള എഗ്രിമെന്റ് വ്യവസ്ഥ

7 [1014] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ഡി. ബി.-യിൽ നിന്ന് വായ്പ വാങ്ങുന്നതിന്റെ ഭാഗമായി ഈ സർക്കാർ എന്തെല്ലാം നിബന്ധനകൾ അംഗീകരിച്ചുകൊണ്ട് എഗ്രിമെന്റിൽ ഒപ്പുവയ്ക്കുകയുണ്ടായി;

(ബി) ഏറ്റവും ഒടുവിലത്തെ എ. ഡി. ബി.-യുമായുള്ള എഗ്രിമെന്റുകൾ ഒപ്പുവച്ചത് ഏത് തീയതിയിൽ എവിടെ വച്ചായിരുന്നു;

(സി) ഏറ്റവും ഒടുവിൽ എന്തെല്ലാം എഗ്രിമെന്റുകളിലാണ് സംസ്ഥാനത്തിന് വേണ്ടി ഒപ്പുവച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) എ. ഡി. ബി.-യുമായി വച്ച എഗ്രിമെന്റുകളിലെ വ്യവസ്ഥ പ്രകാരമുള്ള നിബന്ധനകളിൽ സംസ്ഥാന ഗവൺമെന്റ് ഇതിനകം എന്തെല്ലാം സംഗതികൾ നടപ്പിൽ വരുത്തുകയുണ്ടായി;

(ഇ) ഏതെങ്കിലും നിബന്ധന സംസ്ഥാന ഗവൺമെന്റ് ലംഘിച്ചതായി എ. ഡി. ബി. അധികൃതർ ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള സർക്കാരും എ. ഡി. ബി.-യുമായി ഒപ്പുവച്ച എഗ്രിമെന്റിന്റെ പകർപ്പ് അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി) 2002 നവംബർ 16-ാം തീയതി മനിലയിൽ വച്ചായിരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുബന്ധമായി കൊടുത്തിരിക്കുന്ന എഗ്രിമെന്റിൽ മാത്രമെ കേരള സർക്കാർ ഒപ്പുവച്ചിട്ടുള്ളു.

(ഡി) സർക്കാർ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട് വിശദമായ പ്രവർത്തന പദ്ധതിയുടെ രൂപീകരണം പൂർത്തിയായിട്ടുണ്ട്. പ്രതിമാസ യോഗങ്ങളിലൂടെ സർക്കാർ നവീകരണ പരിപാടിക്ക് വേണ്ടിയിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റി പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായിട്ടുള്ള ഉപ പദ്ധതിക്ക് സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതി അവലോകനം ചെയ്യുന്നതിനുള്ള പ്രോജക്ട് മോണിറ്ററിംഗ് സോഫ്റ്റ്വെയറും തയ്യാറായിട്ടുണ്ട്. സാമ്പത്തിക പരിഷ്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു.

(ഇ) ഇല്ല.

എ. ഡി. ബി.-യിൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടവ്

8 [1015] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ഡി. ബി.-യിൽ നിന്നും സർക്കാർ ഇതിനകം എടുത്ത വായ്പ പലിശ സഹിതം എന്നു മുതലാണ് തിരിച്ചടയ്ക്കേണ്ടത്;

(ബി) എത്ര തവണകളായി എത്ര രൂപവീതം തിരിച്ചടയ്ക്കണം;

(സി) ഓരോ തവണയോടൊപ്പം പലിശയും നൽകേണ്ടതുണ്ടോ;

(ഡി) എങ്കിൽ ഓരോ തവണയും നൽകേണ്ടിവരുന്ന മുതൽ എത്രയെന്നും പലിശ എത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) എ. ഡി. ബി.-യിൽ നിന്നും സംസ്ഥാന സർക്കാർ നേരിട്ട് വായ്പ യൊന്നും വാങ്ങിയിട്ടില്ല. സംസ്ഥാന സർക്കാരിനുവേണ്ടി കേന്ദ്ര സർക്കാരാണ് എ. ഡി. ബി.-യിൽ നിന്നും വായ്പ എടുത്തിട്ടുള്ളത്. ഇത് അധിക കേന്ദ്ര സഹായമായാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. ഈ വായ്പ തിരിച്ചടയ്ക്കുന്നത് കേന്ദ്ര സർക്കാരാണ്. എ. ഡി. ബി.-യിൽ നിന്നും കേന്ദ്ര സർക്കാർ വഴി ലഭിക്കുന്ന ലോണിന്റെ തിരിച്ചടവ് കാലാവധി 20 വർഷമാണ്. ആദ്യത്തെ അഞ്ചു കൊല്ലത്തേക്ക് മുതലിന്റെ തിരിച്ചടവില്ല. ഈ കാലയളവിൽ പലിശ നൽകേണ്ടതുണ്ട്. ബാക്കി പതിനഞ്ചുകൊല്ലം കൊണ്ട് മുതൽ തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly